**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 489** **13-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യ സംസ്കരണത്തിന് ശീതീകരണ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എൻ.കെ. അക്ബർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കടൽ മത്സ്യബന്ധനം വഴി ലഭിക്കുന്ന മത്സ്യത്തിന്റെ അഞ്ചിലൊന്ന് ഭാഗത്തോളം ശീതീകരണ സംഭരണ സംവിധാനത്തിന്റ അപര്യാപ്തത കൊണ്ട് ഉപയോഗ ശൂന്യമാകുന്നുവെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനായുള്ള പരിഹാര മാർഗ്ഗം പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മത്സ്യബന്ധനം മുതൽ ഉപഭോക്താക്കളിലെത്തുന്നത് വരെയുള്ള കോൾഡ് ചെയിൻ സംവിധാനം രൂപീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കേടാകാത്തതും രാസവസ്തുക്കൾ ചേർക്കാത്തതുമായ ഉയർന്ന ഗുണനിലവാരമുള്ള മത്സ്യോത്പന്നങ്ങൾ ഉപഭോക്താക്കളിലെത്തിക്കുന്നതിന് ഹൈജീനിക് റഫ്രിജറേഷൻ മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | മത്സ്യ വിപണന രംഗത്ത് ശുചിത്വവും ഗുണനിലവാരവും ഉറപ്പ് വരുത്തുന്നതിന് മത്സ്യ മാർക്കറ്റുകൾ ആധുനികീകരിക്കാനുള്ള പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ? | (ഡി) | മത്സ്യവിപണന രംഗത്ത് ശുചിത്വവും ഗുണ നിലവാരവും ഉറപ്പ് വരുത്തുന്നതിന് മത്സ്യ മാർക്കറ്റുകൾ ആധുനീകരിക്കാനുള്ള പ്രവർത്ത നങ്ങൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഗുണമേൻമയുള്ള മത്സ്യം ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യമാർക്കറ്റുകൾ നിർമ്മിച്ച് വരുന്നു. ഇതിനോടകം തന്നെ കേന്ദ്ര/ സംസ്ഥാന സർക്കാർ ധനസഹായത്തോടെ 39 ആധുനിക മത്സ്യമാർക്കറ്റുകൾ സംസ്ഥാനത്ത് സ്ഥാപിച്ച് കഴിഞ്ഞു. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് 63.51 കോടി രൂപയുടെ 25 മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് ആദ്യ |

| | | | |
|---|---|---|---|
| | | | ഘട്ടമായി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിനു പുറമേ 26 മത്സ്യമാർക്കറ്റുകൾക്ക്കൂടി കിഫ്ബി യുടെ അംഗീകാരം 07.08.2021- ന് ലഭിച്ചിട്ടുണ്ട്. മത്സ്യഫെഡ് മുഖേന ആലപ്പുഴ ജില്ലയിലെ അരൂരിലും, കൊല്ലം ജില്ലയിലെ ഓച്ചിറയിലും ആധുനിക മത്സ്യ മാർക്കറ്റുകൾ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ